<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 987</u> <u>12-06-2024 - ൽ മറുപടിയ്ക്ക്</u>

<u>പേരാമ്പ്ര മണ്ഡലത്തിലെ വന്യമൃഗശല്യം തടയുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര നിയോജക മണ്ഡലത്തിലെ ചക്കിട്ടപ്പാറ, മുതുകാട് പ്രദേശങ്ങളിലെ വന്യമൃഗശല്യം തടയുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പേരാമ്പ്ര നിയോജക മണ്ഡലത്തിലെ ചക്കിട്ടപ്പാറപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ 14 യൂണിറ്റുകളിലായി 22 കി. മീ സോളാർ വേലി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ നാട്ടിലേയ്ക്ക് ഇറങ്ങി വരുന്ന കാട്ടാനകളെ വനത്തിലേയ്ക്ക് തിരികെ അയയ്ക്കുന്നതിന് എൻ.എം.ആർ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, പനങ്ങാട് എന്നിവിടങ്ങളിലായി മൂന്നു ജനജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രതിരോധപ്രവർത്തനങ്ങൾ വിലയിരുത്തി ജനപങ്കാളിത്തത്തോടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾസ്വീകരിക്കുന്നുണ്ട്. വന്യമൃഗങ്ങൾ നാട്ടിലിറങ്ങിയാൽ സാമൂഹ്യമാധ്യമ കൂട്ടായ്മ വഴി ജനങ്ങൾക്ക് മുന്നറിയിപ്പ് നല്കി വരുന്നുണ്ട്. പ്രതിരോധ നടപടികൾ വിപുലമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള സോളാർ വേലികൾ പ്രവർത്തനക്ഷമമാക്കുന്നതിനായി ദിവസ വേതന വാച്ചർമാരെ ഉപയോഗപ്പെടുത്തുകയും,അറ്റകുറ്റപ്പണി നടത്തി വരികയും ചെയ്യുന്നുണ്ട്. പെരുവണ്ണാമൂഴി റെയിഞ്ചിൽ 18 കി. മീ ഹാങ്ങിങ്ങ് സോളാർ ഫെൻസ് നബാർഡ് പദ്ധതിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സംവിധാനം പെരുവണ്ണാമൂഴി റെയിഞ്ചിലും കോഴിക്കോട്ടു ഡിവിഷനിലും നിലവിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് നിലവിൽ എന്തൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നത്? | (ബി) | ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, പനങ്ങാട് എന്നിവിടങ്ങളിലായി മൂന്നു ജനജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രതിരോധപ്രവർത്തനങ്ങൾ വിലയിരുത്തി ജനപങ്കാളിത്തത്തോടെ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. പെരുവണ്ണാമൂഴി റെയിഞ്ചിൽ 18 കി. മീ ഹാങ്ങിങ്ങ് സോളാർ ഫെൻസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | കൺട്രോൾ റൂം പെരുവണ്ണാമൂഴി റെയിഞ്ചിലും കോഴിക്കോട് ഡിവിഷനിലും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ